പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3088

28.01.2014 ൽ മറുപടിക്ക്

**ഉത്സവകാലങ്ങളിലെ കേന്ദ്ര അരിവിഹിതം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി:<br>ശ്രീ. എം. ഹംസ:<br>ഡോ. കെ. ടി. ജലീൽ:<br>ശ്രീ. കെ. ദാസൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഇത്തവണത്തെ ക്രിസ്തുമസ് ആഘോഷത്തിനായി കേന്ദ്രം കൂടുതൽ അരി അനുവദിക്കുകയുണ്ടായോ; എങ്കിൽ അനുവദിച്ച അരിയുടെ അളവ് വെളിപ്പെടുത്താമോ; | (എ) 2013 ഡിസംബർ മാസത്തിൽ ക്രിസ്തുമസ് സ്പെഷ്യലായി 30750 മെ.ടൺ അരി എ.പി.എൽ. കാർഡുടമകൾക്ക് മിനിമം സപ്പോർട്ട് പ്രൈസ് (എം.എസ്.പി.) നിരക്കിൽ കേന്ദ്രസർക്കാർ അനുവദിച്ചു. |
| (ബി) അനുവദിച്ച അരിവിഹിതം ഏറ്റെടുക്കുകയുണ്ടായോ; ഇത് ക്രിസ്തുമസ് കാലയളവിൽ റേഷൻകടകൾ വഴി വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) ഇല്ല. വിതരണം ചെയ്തിട്ടില്ല.<br>എ.പി.എൽ. കാർഡുടമകൾക്കാണ് ക്രിസ്തുമസ് സ്പെഷ്യലായി 30750 മെ. ടൺ അരി അനുവദിച്ചത്. വില നിർണ്ണയിച്ചുവരുമ്പോൾ അരിയുടെ വിൽപന വില 21 രൂപ ആകുന്നു. നിലവിൽ എ.പി.എൽ വിഭാഗത്തിനുള്ള സബ്സിഡി കാർഡുകാർക്ക് സംസ്ഥാന സർക്കാരിന്റെ സബ്സിഡിയോടുകൂടി 2 രൂപക്ക് 10 കി.ഗ്രാം അരിയും ഇപ്പോൾ നൽകിവരുന്നുണ്ട്. 2 രൂപക്ക് നല്കുന്നതും 21 രൂപക്ക് നല്കുന്നതും ഒരേ ഇനവും ഒരേ ഗുണനിലവാരവും ഉള്ള അരി ആയതിനാൽ കൂടിയ വിലക്കുള്ള അരി എടുത്ത് വിതരണം ചെയ്യുന്നത് പ്രായോഗികമല്ലാത്തതിനാലാണ് ക്രിസ്തുമസ് സ്പെഷ്യലായി അനുവദിച്ച അരി വിതരണം നടത്താത്തത്. |

(സി) കഴിഞ്ഞ ഓണക്കാലത്ത് അധിക വിഹിതമായി അനുവദിച്ച ഭക്ഷ്യധാന്യം ഏറ്റെടുക്കാൻ കഴിയാതിരുന്നിട്ടുണ്ടോ; അനുവദിച്ച ഭക്ഷ്യധാന്യത്തിന്റെ അളവും ഏറ്റെടുത്തതിന്റെ കണക്കും ലഭ്യമാണോ; ഏറ്റെടുക്കാൻ കഴിയാതെ പോയതെത്ര;

(സി) ഉണ്ട്. 2013 ഓണക്കാലത്തേക്ക് 63259 മെ. ടൺ അരിയും 37450 മെ.ടൺ ഗോതമ്പും ഒ.എം.എസ്.എസ്. നിരക്കിൽ അനുവദിച്ചിരുന്നു.

2013 ഓണക്കാല സ്പെഷ്യൽ അലോട്ട്മെന്റ്

| | അരി (മെ.ടൺ) | ഗോതമ്പ് (മെ.ടൺ) |
|---|---|---|
| അനുവദിച്ചത് | 63259 | 37450 |
| വിട്ടെടുത്തത് | 3840 | ഇല്ല |
| വിട്ടെടുക്കാൻ കഴിയാത്തത് | 59419 | 37450 |

(ഡി) മുൻവർഷങ്ങളിൽ ആഘോഷ വേളകളിൽ അനുവദിച്ചിരുന്ന സ്പെഷ്യൽ പഞ്ചസാര ഇത്തവണത്തെ ക്രിസ്തുമസിന് ലഭിക്കുകയുണ്ടായോ; എങ്കിൽ ലഭിച്ചതും വിതരണം ചെയ്തതുമായ പഞ്ചസാരയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ക്രിസ്തുമസിന് ലഭിച്ചില്ല. എന്നാൽ 2013 ഓണത്തിന് 8139 ടൺ പഞ്ചസാര കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ എല്ലാ കാർഡുടമകൾക്കും വിതരണം ചെയ്തിട്ടുണ്ട്.

(ഇ) ഉത്സവകാലത്ത് റേഷൻകടകളിലൂടെ വിതരണം ചെയ്യേണ്ട അരിയും മറ്റ് ഭക്ഷ്യവസ്തുക്കളും ഏറ്റെടുത്ത് യഥാസമയം വിതരണം ചെയ്യാത്തത് ഓണം-ക്രിസ്തുമസ് കാലയളവിൽ പൊതുവിപണിയിൽ വിലവർദ്ധനവിന് ആക്കം കൂട്ടിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഇ) ഇല്ല.

സെക്ഷൻ ഓഫീസർ